വിഭാഗത്തിന് കൈമാറുകയും. ക്രൈം 774/CR/HHW III/2012 പ്രകാരം റീ-നമ്പർ ചെയ്ത് കോഴിക്കോട് ക്രൈംബ്രാഞ്ച് HHW III യൂണിറ്റ് DYSP-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നതും നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതിനാൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

പട്ടാമ്പി ഫയർ സ്റ്റേഷൻ

167 (168) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലികമായി ഫയർസ്റ്റേഷൻ തുടങ്ങുവാൻ പട്ടാമ്പി റ്റി.ബി. വക കെട്ടിടവും സ്ഥലവും പി.ഡബ്ല്യു.ഡി. അനുവദിച്ചതിനാൽ പ്രസ്തുത ഫയർസ്റ്റേഷൻ ഉടൻ ആരംഭിക്കുമോ ?

ഉത്തരം

(എ & ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നല്കിവരുന്നത്.

മാഫിയകൾക്കെതിരെ സ്വീകരിച്ച നടപടി

168 (169) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന മണൽമാഫിയ, പാറഖനന മാഫിയ, പെൺവാണിഭ മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കടത്തി നിർബന്ധ തൊഴിൽ ചെയ്യിക്കൽ തുടങ്ങിയവ കൂടിവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ വന്നശേഷം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ ഉൾപ്പെടെ എത്രപേരുടെ പേരിൽ ഗുണ്ടാ ആക്ട് പ്രകാരം കേസുകൾ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ്, റവന്യൂ മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം ; ഏതെല്ലാം കേസുകളിലാണ് ഇവർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവരെ നിയന്ത്രിക്കാനും ഇവരുടെ പ്രവൃത്തികൾമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുമായി എന്ത് ആതന നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

169 (170) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ബഹു. ഹൈക്കോടതി വിധിയിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചാരക്കേസ്സ് അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് ആഭ്യന്തര വകുപ്പിന് ബോധ്യപ്പെട്ടിട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചാരക്കേസ്സിന് പിന്നിൽ നടന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ആരെല്ലാമാണ് ആഭ്യന്തര വകുപ്പിനെ സമീപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി)പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

(ഡി&ഇ) മുൻ എം.എൽ.എ. ശ്രീ.കെ.കെ.രാമചന്ദ്രൻ മാസ്റ്റർ ഇത് സംബന്ധിച്ച് ഒരു നിവേദനം 25-9-2013-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനം പരിശോധിച്ച് അതിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഐ.എസ്.ആർ.ഒ. ചാരക്കേസ്സ്

170 (171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly